"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും ടെൻഡർ നടപടി കൂടാതെ നേരിട്ട് സ്റ്റേഷനറി വകുപ്പിനു വാങ്ങാവുന്ന ഫയൽ ബോർഡിന്റെ വില നിർണ്ണയിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്

സ.ഉ.(സാധാ) നം.105/2024/SPD തീയതി,തിരുവനന്തപുരം, 15-10-2024

---

പരാമർശം:-
1. 07.06.2014 ലെ സ.ഉ.(സാധാ) നം. 34/14/എസ്.പി.ഡി നമ്പർ സർക്കാർ ഉത്തരവ്.
2. 13/12/2021 ,04/12/2023 തീയതികളിലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കെ.ബി.1813/10/HMP നമ്പർ കത്ത്.
3. 26-12-2023 ലെ സ.ഉ.(സാധാ) നം.152/2023/എസ്.പി.ഡി നമ്പർ ഉത്തരവ്

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഫയൽ ബോർഡുകളുടെ വില, ഒന്നിന് 19/- രൂപാ നിരക്കിൽ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ൽ ഇളവ് നൽകികൊണ്ട് ഖാദി ഗ്രാമ വ്യവസായ ബോർഡ് യൂണിറ്റുകളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഫയൽ ബോർഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, തൊഴിലാളികളുടെ വേതന വർദ്ധനവ് എന്നിവ നിമിത്തം ഫയൽ ബോർഡുകളുടെ വില വർദ്ധിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ് ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു.

3. പരാമർശം (3) ലെ ഉത്തരവ് പ്രകാരം ഫയൽ ബോർഡിനു വിലനിർണ്ണയിക്കുന്നതിനായി വിലനിർണ്ണയസമിതി രൂപീകരിക്കുകയും, പ്രസ്തുത സമിതി യോഗം ചേർന്ന് ഫയൽ ബോർഡ് ഒന്നിനു 30.5/- രൂപയായി നിശ്ചയിക്കുന്നതിന് ശുപാർശ ചെയ്യുകയുമുണ്ടായി.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും ടെൻഡർ നടപടി കൂടാതെ നേരിട്ട് സ്റ്റേഷനറി വകുപ്പിനു വാങ്ങാൻ കഴിയുന്ന ഫയൽബോർഡിന്റെ വില ഒന്നിന് **30.5/-** രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം.
സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ് (**SPD-C2/136/2022-SPD** പ്രകാരം തുടർ നടപടികൾക്കായി)
സി-ഡിറ്റ്, ഗോർക്കി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം.
(ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
(ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ